# കുട്ടികൾക്ക് വേണ്ടത് അമിതാശ്രയമല്ല; ആത്മവിശ്വാസമാണ്


© Google images



**സന്ധ്യാറാണി. എൽ**
ചൈൽഡ് ആന്റ് ഫാമിലി കൗൺസിലർ
Consolace Counselling Services
തിരുവനന്തപുരം & ചങ്ങനാശ്ശേരി
Ph : 9388 183 153
www.consolace.com

അശോക്-ദീപ ദമ്പതികളുടെ ഏകമകനാണ് അഭിനന്ദ്. രണ്ടാം ക്ലാസിൽ പഠിക്കുന്നു. അച്ഛനും അമ്മയും ജോലിക്കാരായതിനാൽ അമ്മമ്മയാണ് അവന്റെ കാര്യങ്ങൾ നോക്കിയിരുന്നത്. അടുത്തിടെ അവർ കുടുംബവീട്ടിൽ നിന്ന് നഗരത്തിൽ പുതുതായി വാങ്ങിയ ഫ്ളാറ്റിലേയ്ക്ക് താമസം മാറി. അമ്മമ്മയും ഒപ്പം വരണമെന്ന് കുട്ടി വാശിപിടിച്ചു. അതെ തുടർന്ന് കുറച്ചു ദിവസം അവർ ഫ്ളാറ്റിൽ വന്ന് താമസിച്ചെങ്കിലും വീട്ടിലെ ഉത്തരവാദിത്തങ്ങളിൽ നിന്ന് മാറിനിൽക്കാൻ കഴിയാത്തതിനാൽ മടങ്ങിപ്പോയി. ദിവസങ്ങൾ കഴിയുമ്പോൾ കുട്ടിയുടെ വാശി കുറയുമെന്നും കാര്യങ്ങൾ നേരെയാകുമെന്നുമായിരുന്നു അച്ഛനമ്മമാർ കരുതിയത്. എന്നാൽ കുട്ടി ഭക്ഷണം കഴിക്കാൻ കൂട്ടാക്കാതിരിക്കുകയും രാത്രി ഉറക്കത്തിലും അമ്മമ്മയെ വിളിച്ചു കരയുകയുമാണുണ്ടായത്. ആരോഗ്യം മോശമാകുകയും പനിപി




ടിപെടുകയും ചെയ്തതോടെ അവർ കുട്ടിയെ തിരികെ കുടുംബവീട്ടിൽ എത്തിച്ചു. അമ്മമ്മയ്ക്ക് കുട്ടിയോടൊപ്പം സ്ഥിരമായി താമസിക്കാൻ കഴിയില്ലെന്നത് ഒരു യാഥാർത്ഥ്യമായിരിക്കെ ഇനിയെന്തു ചെയ്യണമെന്നാണ് അധ്യാപകദമ്പതികളായ അശോകിന്റേയും ദീപയുടേയും ചോദ്യം.

ഒരൊറ്റ ദിവസം കൊണ്ട് കുട്ടിയെ അമ്മമ്മയിൽ നിന്നും അടർത്തി മാറ്റാനാണ് ഇവിടെ അച്ഛനമ്മമാർ ശ്രമിച്ചത്. അത് ഒരിക്കലും സാധ്യമല്ല. ഇതുവരെ ലഭിച്ചിരുന്ന കരുതലും സ്നേഹവും പെട്ടന്നൊരു ദിനം നഷ്ടപ്പെടുമ്പോൾ കുട്ടി മാനസികമായി തകർന്നു പോകും. തനിക്ക് ഇഷ്ടപ്പെട്ട വ്യക്തിയുടെ കൂടെ കൂടുതൽ സമയം ചെലവിടാനാണ് മുതിർന്നവരെ പോലെ തന്നെ കുട്ടിയും ആഗ്രഹിക്കുക. എന്നാൽ ഏതെങ്കിലുമൊരു വ്യക്തിയോട് അവർ അമിതമായ അടുപ്പം കാണിക്കുന്നുണ്ടെങ്കിൽ ശ്രദ്ധിക്കണം. ഇവിടെയാണ് അഭിനന്ദിന്റെ അച്ഛനമ്മമാർ പരാജയപ്പെട്ടത്. കുട്ടിയുടെ മുഴുവൻ ഉത്തരവാദിത്വവും അവർ അമ്മമ്മയെ ഏൽപ്പിച്ചു. എന്തിനും ഏതിനും അമ്മമ്മ ഒപ്പം വേണമെന്ന വാശി അംഗീകരിച്ചു കൊടുത്തു. കുട്ടി പിരിയാൻ കഴിയാത്തവിധം അവരുമായി അടുത്തപ്പോൾ അവന്റെ വാക്കുകൾക്ക് ചെവികൊടുക്കാതെ പെട്ടെന്നൊരു ദിവസം വീടുമാറി. ഏതൊരു കുട്ടിയിലും മാനസികപിരിമുറുക്കം സൃഷ്ടിക്കാവുന്ന കാര്യങ്ങളാണ് ഇവ. പകരം അച്ഛനമ്മമാർ കുട്ടിയുടെ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കുകയും വീടുമാറേണ്ട കാര്യം പതിയെ അവനെ പറഞ്ഞു മനസ്സിലാക്കുകയുമായിരുന്നു വേണ്ടത്. ഒപ്പം, ഒരു മുൻകരുതലെന്നവണ്ണം അമ്മമ്മയില്ലാതെ നിങ്ങൾക്കൊപ്പം ബന്ധുവീടുകളിലോ സുഹൃത്തുക്കളുടെയടുത്തോ താമസിക്കാൻ അവസരങ്ങൾ ഒരുക്കുകയും ചെയ്യാമായിരുന്നു. വീട്ടിൽ നിന്ന് തീർത്തും അപരിചിതമായ മറ്റൊരു സാഹചര്യവുമായി പൊരുത്തപ്പെടേണ്ടത് എങ്ങനെയെന്ന് പഠിക്കാനും കുട്ടിക്ക് ഇതിലൂടെ കഴിയുമായിരുന്നു. അൽപം താമസിച്ചു പോയെങ്കിലും ഇനിയെങ്കിലും ഈ കാര്യങ്ങൾ ചെയ്താൽ പുതിയ വീട്ടിലേയ്ക്കു താമസം മാറ്റുന്നത് അത്ര പ്രയാസകരമാകില്ലെന്നാണ് അശോകിനോടും ദീപയോടും പറഞ്ഞത്.

**ഒരൊറ്റ ദിവസം കൊണ്ട് കുട്ടിയെ അമ്മമ്മയിൽ നിന്നും അടർത്തി മാറ്റാനാണ് ഇവിടെ അച്ഛനമ്മമാർ ശ്രമിച്ചത്. അത് ഒരിക്കലും സാധ്യമല്ല. ഇതുവരെ ലഭിച്ചിരുന്ന കരുതലും സ്നേഹവും പെട്ടന്നൊരു ദിനം നഷ്ടപ്പെടുമ്പോൾ കുട്ടി മാനസികമായി തകർന്നു പോകും**




കുട്ടികൾക്ക് ഏതെങ്കിലും ഒരു പ്രത്യേക വ്യക്തിയുമായുണ്ടാകുന്ന അടുപ്പം മിക്കപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. കുട്ടിക്ക് അവരുമായി എത്രത്തോളം അടുപ്പം ഉണ്ടെന്നതിനനുസരിച്ചിരിക്കും അവ

രെ പിരിയുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകൾ. സ്നേഹവും കരുതലും നല്ലതാണെങ്കിലും ഒരു വ്യക്തിയുടെ അസാന്നിധ്യത്തിൽ ജീവിക്കാനാകില്ല എന്ന തരത്തിലേയ്ക്ക് അടുപ്പം വളർന്നാൽ അത് അപകടമാണ്.


© Google images

## എന്തുകൊണ്ട്?

അച്ഛനും അമ്മയും ജോലിസംബന്ധമായ തിരക്കുകളിൽപ്പെടുകയും കുട്ടിയെ നോക്കാൻ വേണ്ടത്ര സമയം കിട്ടാതെ വരികയും ചെയ്യുമ്പോഴാണ് വീട്ടിലെ മുതിർന്നവരേയോ ജോലിക്കാരികളേയോ പരിചരണം ഏൽപ്പിക്കേണ്ടി വരുന്നത്. ഓർമ്മ വച്ച കാലം മുതൽ തന്നെ പരിചരിച്ച വ്യക്തിയോട് കുട്ടിക്ക് അടുപ്പം ഉണ്ടാകുന്നത് സ്വാഭാവികമാണ്. അച്ഛനമ്മമാർ കുട്ടികൾ കുസൃതി കാണിച്ചാൽ വഴക്കുപറയുകയോ അടിക്കുകയോ ചെയ്യുമെങ്കിലും അതേസ്ഥാനത്ത് വീട്ടിലെ പ്രായമായവരാണ് കുട്ടിയെ നോക്കുന്നതെങ്കിൽ അത്ര കാർക്കശ്യത്തോടെ പെരുമാറാറില്ല. പേരക്കുട്ടിയോടുള്ള വാത്സല്യത്തിന്റെ പുറത്ത് അവർ കാണിക്കുന്ന ചെറുതോ വലുതോ ആയ തെറ്റുകൾ അവർ കണ്ടില്ലെന്നു നടിക്കാം. അതുപോലെ തന്നെ കുട്ടി സമയത്ത് ഭക്ഷണം കഴിച്ചില്ലെങ്കിൽ മാതാപിതാക്കൾ നിർബന്ധപൂർവ്വം ഭക്ഷണം കഴിപ്പിക്കും. എന്നാൽ ഒരു ജോലിക്കാരി കുട്ടിയെ ഇതുപോലെ ഭക്ഷണം കഴിക്കാൻ നിർബന്ധിക്കണമെന്നില്ല. തീരെ ചെറിയപ്രായത്തിൽ എന്താണ് ശരി, തെറ്റ് എന്ന് തിരിച്ചറിയാനുള്ള വിവേകം കുട്ടികൾക്കുണ്ടാകില്ല. അതിനാൽ എല്ലാ കാര്യങ്ങളിലും അവരുടെ ഇഷ്ടത്തിന് വഴങ്ങാത്ത മാതാപിതാക്കളേക്കാൾ അവർക്കിഷ്ടം എന്തിനും സ്വാതന്ത്ര്യം നൽകുന്ന വീട്ടിലെ മുതിർന്നവരേയും ജോലിക്കാരിയേയും ഒക്കെയാകും. കുട്ടിയെ സംബന്ധിക്കുന്ന എല്ലാ ചുമതലകളും ഒരു വ്യക്തിയിൽ നിക്ഷിപ്തമാകുമ്പോൾ സംഭവിക്കുന്ന ഒരു പ്രശ്നമാണിത്.

**അച്ഛനമ്മമാർ കുട്ടികൾ കുസൃതി കാണിച്ചാൽ വഴക്കുപറയുകയോ അടിക്കുകയോ ചെയ്യുമെങ്കിലും അതേസ്ഥാനത്ത് വീട്ടിലെ പ്രായമായവരാണ് കുട്ടിയെ നോക്കുന്നതെങ്കിൽ അത്ര കാർക്കശ്യത്തോടെ പെരുമാറാറില്ല. പേരക്കുട്ടിയോടുള്ള വാത്സല്യത്തിന്റെ പുറത്ത് അവർ കാണിക്കുന്ന ചെറുതോ വലുതോ ആയ തെറ്റുകൾ അവർ കണ്ടില്ലെന്നു നടിക്കാം**

## സ്നേഹം ചൂഷണം ചെയ്യുമ്പോൾ

വസ്തുവിറ്റ വകയിൽ അമ്മമ്മയുടെ കൈവശം നല്ലൊരു തുകയുണ്ടെന്ന് എട്ടാം ക്ലാസിൽ പഠിക്കുന്ന പേരക്കുട്ടി മനസ്സിലാക്കി. അവർക്ക് തന്നോടുള്ള വാത്സല്യം മുതലെടുത്ത് പല കാരണങ്ങൾ പറഞ്ഞ് കുട്ടി പണം വാങ്ങിക്കൊണ്ടിരുന്നു. ലഭിച്ച പണമത്രയും ഓൺലൈൻ ഷോപ്പിങ്ങിലൂടെ പലതരം സാധനങ്ങൾ വാങ്ങാനായാണ് കുട്ടി ചെലവിട്ടത്. അച്ഛനും അമ്മയും ഏറെ വൈകിയാണ് ഇക്കാര്യങ്ങൾ അറിഞ്ഞത്. ഇത്തരത്തിൽ വീട്ടിലെ മുതിർന്ന അംഗങ്ങൾക്ക് തന്നോടുള്ള സ്നേഹം ചൂഷണം ചെയ്യുന്ന കുട്ടികളും ഉണ്ട്. ഇവിടെ എട്ടാം ക്ലാസിൽ പഠിക്കുന്ന കുട്ടി അച്ഛനമ്മമാർ അറിയാതെ പണമാണ് നേടിയെടുത്തതെങ്കിൽ തീരെ ചെറിയ കുട്ടികളും വീട്ടിലെ പ്രായമായവരെ കൂട്ടുപിടിച്ച് അവരുടെ പല ആവശ്യങ്ങളും നടത്തിയെടുക്കുന്നുണ്ട്. നാലു വയസ്സുകാരിയായ മകളെ എവിടെ കൊണ്ടുപോകണമെങ്കിലും അമ്മമ്മയെയും ഒപ്പം കൂട്ടണമെന്ന് ഒരമ്മ പറഞ്ഞതോർക്കുന്നു. വഴിയിലുള്ള കടയിലെ എന്ത് സാധനം ചൂണ്ടിക്കാണിച്ചാലും അമ്മമ്മ അത് അവൾക്ക് വാങ്ങിച്ചുകൊടുക്കും, ഞങ്ങൾക്കൊപ്പം വന്നാൽ അത് നടക്കില്ലെന്നറിയാം- അവർ പറഞ്ഞു. ഇത്തരത്തിൽ സ്നേഹക്കൂടുതൽ കൊണ്ട് പേരക്കുട്ടിയുടെ വേണ്ടതും വേണ്ടാത്തതുമായ ആവശ്യങ്ങളെല്ലാം നിറവേറ്റി കൊടുക്കുമ്പോൾ അത് കുട്ടിയെ കൂടുതൽ പിടിവാശിക്കാരാക്കി മാറ്റുമെന്ന് അവർ ചിന്തിക്കുന്നതേയില്ല.

## അറിയാം ഇടപെടാം

കുട്ടി കൂടുതൽ സമയവും ജോലിക്കാരിക്കൊപ്പമോ നിങ്ങളുടെ മാതാപിതാക്കൾക്കൊപ്പമോ ആണെങ്കിലും അവിടെ നടക്കുന്ന ഓരോ കാര്യവും അറിയാൻ ശ്രമിക്കണം. കുട്ടി സമയത്തിന് ഭക്ഷണം കഴിച്ചോ സ്കൂളിൽ പോയോ, പഠിക്കുന്നുണ്ടോ തുടങ്ങി അവരെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും പൂർണ്ണമായും ശ്രദ്ധിക്കേണ്ടത് നിങ്ങളാണ്. സമയക്കുറവ് മൂലം മറ്റൊരാളുടെ സഹായം തേടുകയാണെങ്കിൽ പോലും ഇക്കാര്യങ്ങൾ കുട്ടിയോടോ അവരെ നോക്കുന്നവരോടോ ചോദിച്ചറിയണം. കുട്ടിയുമായി സംസാരിക്കാൻ പരമാവധി സമയം കണ്ടെത്തണം. കുട്ടികൾ പറയുന്ന എല്ലാ കാര്യങ്ങളും ശ്രദ്ധാപൂർവ്വം കേൾക്കണം. അമ്മ അല്ലെങ്കിൽ അച്ഛൻ ഞാൻ പറയുന്നത് കേൾക്കുന്നുണ്ടെന്ന തോന്നൽ കൂടുതൽ സംസാരിക്കാൻ അവരെ പ്രേരിപ്പിക്കും. അങ്ങനെ



© Google images

വരുമ്പോൾ വീട്ടിൽ നടന്ന എല്ലാ കാര്യങ്ങളും വള്ളിപുള്ളി വിടാതെ അവർ പറയും. എല്ലാം കേട്ടുകഴിഞ്ഞ ശേഷം അന്നു നടന്ന കാര്യങ്ങളിൽ പാടില്ല എന്ന് നിങ്ങൾക്കു തോന്നുന്ന കാര്യങ്ങൾ ഇനി ചെയ്യരുത് എന്ന് അവരോടു പറയാം. ഉദാഹരണത്തിന് കുട്ടി ചോറു കഴിക്കാൻ മടി കാണിച്ചപ്പോൾ പകരം എന്തെങ്കിലും ബേക്കറി പലഹാരങ്ങൾ കൊടുത്തുവെന്നിരിക്കട്ടേ. അങ്ങനെ ബേക്കറി സാധനങ്ങൾ കൊടുക്കരുതെന്ന് കുട്ടിയെ നോക്കുന്നവരോട് ആവശ്യപ്പെടാം. ഒപ്പം തന്നെ ചോറിനു പകരം പലഹാരങ്ങൾ കഴിച്ചാൽ ഇനിമുതൽ അതൊന്നും വാങ്ങിത്തരില്ലെന്ന് കുട്ടിയോടും പറയാം. കുട്ടിയെ ശാസിക്കുമ്പോൾ തന്നെ അത് അവരെ കാര്യങ്ങൾ മനസ്സിലാക്കാൻ ഉദ്ദേശിച്ചുള്ളതാകണം. മറിച്ച് പലഹാരങ്ങൾ കഴിച്ചുവെന്ന് പറഞ്ഞ് ദേഹോപദ്രവം ഏൽപ്പിക്കുകയും കഠിനമായി ശാസിക്കുകയും ചെയ്താൽ അവർ പിന്നീട് സത്യസന്ധമായി കാര്യങ്ങൾ തുറന്നു പറഞ്ഞുവെന്ന് വരില്ല.

**കുട്ടിയെ ശാസിക്കുമ്പോൾ തന്നെ അത് അവരെ കാര്യങ്ങൾ മനസ്സിലാക്കാൻ ഉദ്ദേശിച്ചുള്ളതാകണം. മറിച്ച് പലഹാരങ്ങൾ കഴിച്ചുവെന്ന് പറഞ്ഞ് ദേഹോപദ്രവം ഏൽപ്പിക്കുകയും കഠിനമായി ശാസിക്കുകയും ചെയ്താൽ അവർ പിന്നീട് സത്യസന്ധമായി കാര്യങ്ങൾ തുറന്നു പറഞ്ഞുവെന്ന് വരില്ല**

## സ്വയം ചെയ്യാൻ പരിശീലിപ്പിക്കാം

ഓരോ പ്രായത്തിലും കുട്ടിക്ക് തന്നെ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ഉണ്ട്. ഇതു മനസ്സിലാക്കി അവരോട് തനിയെ ചെയ്യാൻ ആവശ്യപ്പെടാം. ആദ്യ ദിവസം തന്നെ അവർ അത് കൃത്യമായി ചെയ്തുവെന്ന് വരില്ല. എന്നാൽ കുറച്ചു ദിവസങ്ങൾ കഴിയുമ്പോൾ അത് ചെയ്യാൻ അവർ പഠിച്ചുകൊള്ളും. ഉദാഹരണത്തിന് ഒരു ദിവസത്തെ ടൈംടേബിൾ നോക്കി പുസ്തകങ്ങൾ ബാഗിൽ അടുക്കിവയ്ക്കുന്നത് സ്കൂളിൽ പുതുതായി ചേർന്ന ഒരു കുട്ടിയെ സംബന്ധിച്ച് പ്രയാസകരമായിരിക്കും. എന്നാൽ എല്ലാ ദിവസവും നിങ്ങൾ തന്നെ ബാഗിൽ എല്ലാം ഒരുക്കി കൊടുത്താൽ അവർ അക്കാര്യം ശ്രദ്ധിക്കുക പോലും ഇല്ല. അതിനാൽ ആദ്യ ദിവസങ്ങളിൽ ബാഗ് ഒരുക്കുമ്പോൾ അവരേയും കൂടെ കൂട്ടാം. നാളെ തനിയെ ചെയ്യണമെന്ന് ആവശ്യപ്പെടാം. അവർ എല്ലാം ബാഗിൽ വച്ചതിനു ശേഷം എന്തെങ്കിലും മറന്നുവോ എന്ന് ആദ്യത്തെ ഒരാഴ്ച നിങ്ങൾ ശ്രദ്ധിക്കണം. എന്നാൽ പിന്നീട് അവർ അത് കൃത്യമായി ചെയ്യുമെന്ന് ഉറപ്പാണ്. എല്ലാത്തിനും ഒരു വ്യക്തിയെ ആശ്രയിക്കുമ്പോഴാണ് ആ വ്യക്തിയോട് കുട്ടികൾ പരിധിയിൽ കവിഞ്ഞ അടുപ്പം കാണിക്കുന്നത്. അവർ ഇല്ലാതെ ഭക്ഷണം കഴിക്കില്ല, ഉറങ്ങില്ല-ഇത്തരം വാശികൾ കുട്ടികളിൽ സാധാരണമാണ്. എന്നാൽ ചെറിയ പ്രായത്തിൽ തന്നെ ഇത് മാറ്റിയെടുക്കാവുന്നതേയുള്ളൂ. അവരുടെ സാന്നിധ്യം ഇല്ലാത്ത സമയങ്ങൾ കുട്ടിയുടെ ജീവിതത്തിൽ ഉണ്ടാക്കിയെടുക്കുക എന്നതാണ് ആദ്യത്തേത്. കുട്ടിയും നിങ്ങളും തനിച്ചുള്ള യാത്രകളോ ആഘോഷങ്ങളോ പ്ലാൻ ചെയ്യാം. വരാൻ കുട്ടി വിസമ്മതിച്ചാലും യാത്രയിലേയോ ആഘോഷങ്ങളിലേയോ അവർക്കിഷ്ടമാകാൻ ഇടയുള്ള കാര്യങ്ങൾ പറഞ്ഞ് കൂടെ വരാൻ പ്രേരിപ്പിക്കാം. ബന്ധുവീടുകളിലോ അടുത്ത സുഹൃത്തുക്കളുടെ വീടുകളിലോ കുട്ടിയുമൊത്ത് താമസിക്കാം. ഇത്തരം സന്ദർഭങ്ങൾ വരുമ്പോൾ എല്ലായ്പ്പോഴും ആ വ്യക്തി തനിക്കൊപ്പം ഉണ്ടാകില്ല എന്ന യാഥാർത്ഥ്യം കുട്ടി പതിയെ അംഗീകരിക്കാൻ തുടങ്ങും. ഒപ്പം ഓരോ പ്രായത്തിലും അവർക്ക് തനിയെ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യാൻ അവരെ പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യാം. അല്ലാത്തപക്ഷം ചിറകിനടിയിൽ ഒതുങ്ങിക്കൂടുന്ന പക്ഷിക്കുഞ്ഞുങ്ങളായി മാറും അവർ.

പലകാരണങ്ങൾ കൊണ്ട് കുട്ടികൾ ഏതെങ്കിലും ഒരു വ്യക്തിയോട് അമിതമായ അടുപ്പം പുലർത്തുന്നതായി കാണാം. ചെറുപ്രായത്തിലെ കുട്ടിയെ നോക്കിയവരോ അല്ലെങ്കിൽ ആവശ്യപ്പെടുന്നതെന്തും വാങ്ങിനൽകുന്ന വീട്ടിലെ മുതിർന്നവരോ അങ്ങനെ കുട്ടിയുടെ മനസ്സിൽ സ്ഥാനം നേടിയവരാകും ഇവർ. ഊണിലും ഉറക്കത്തിലും ഇവരെ കൂടാതെ കഴിയാനാകില്ല എന്ന രീതിയിൽ വളർന്നുവരുന്ന കുട്ടിക്ക് പെട്ടെന്നൊരു ദിവസം ഇവരുടെ അസാന്നിധ്യം ജീവിതത്തിൽ ഉണ്ടാകുന്നത് താങ്ങാൻ കഴിയില്ല. അതുകൊണ്ടു തന്നെ വളരെ ചെറിയ പ്രായത്തിൽ തന്നെ സാവധാനം കുട്ടിയെ ഇതിൽ നിന്നു പുറത്തു കൊണ്ടുവരാനാകണം അച്ഛനമ്മമാർ ശ്രമിക്കേണ്ടത്. ഒപ്പം ഒരു വ്യക്തിയേയും അമിതമായി ആശ്രയിക്കാതെ കാര്യങ്ങൾ സ്വയം ചെയ്യാനുള്ള മനോഭാവവും കുട്ടികളിൽ വളർത്തിയെടുക്കാൻ കഴിഞ്ഞാൽ നിങ്ങൾ വിജയിച്ചു.

(കുറിപ്പ് : ഇതിൽ ഉപയോഗിച്ചിരിക്കുന്ന പേരുകൾ യഥാർത്ഥമല്ല)